# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.24/1277/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.24/1277/22 തീയ്യതി: 21/06/2022

## മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 18-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 19-05-2022 | 27-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-05-2022 | 27-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ ജലീൽ .ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന.എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത.ഒ.വ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അബ്ദുൽ അലി.കുന്നൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഹറാബി.പി.പി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| ശ്രീ.ഹുസൈൻ.എൻ.കെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.സാബുമോൻ | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ.പ്രദീപ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2020 | 15-06-2020 |
| ശ്രീ.രാജേഷ്.എം | സെക്രട്ടറി | 16-06-2020 | 29-12-2020 |
| ശ്രീ.അനീഷ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-12-2020 | 12-01-2021 |
| ശ്രീ.അനീഷ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |
| ശ്രീ.രാജേഷ്.എം | സെക്രട്ടറി | 13-01-2021 | 01-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രദീപ് കുമാർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.നൌഷാദ്.എ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ് | 16-06-2020 | 30-06-2020 |
| ശ്രീ.അനീഷ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2020 | 31-03-2021 |
| ശ്രീമതി രംജിത.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സൈഫുദ്ദീൻ.പി | വെറ്റിനറി സർജൻ | 01-04-2020 | 31-05-2020 |
| ഡോ.ശരണ്യ.കെ.എസ് | വെറ്റിനറി സർജൻ | 01-06-2020 | 31-03-2021 |
| ശ്രീമതി സരസ്വതി.കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിനോദ്കുമാർ. | ഹെഡ്മാസ്റ്റർ | 01-04-2020 | 18-06-2020 |
| ശ്രീമതി.ഗീത | ഹെഡ്മിസ്ട്രസ്സ് | 19-06-2020 | 31-03-2021 |
| ഡോ.എ.വി.സുധീർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2020 | 07-02-2021 |
| ഡോ.അനുപമ.വി.കെ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 08-02-2021 | 31-03-2021 |
| ഡോ.ഫാത്തിമ.എം | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീജിത്ത്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.അനിൽകുമാർ.ചേലോട്ട് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)<br>Written By: ASEENA.A.P (Asst. Audit Officer, On 25-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-11 |
| 12 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-12 |
| 13 | വസ്തു നികുതി - നികുതി കണക്കാക്കിയതിൽ കുറവ്.<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-13 |
| 14 | കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-14 |
| 15 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകത<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-15 |
| 16 | കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തതത്- പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | |
| 17 | എസ്റ്റിമേറ്റ് ലഭ്യമാക്കാതെ കുടിവെള്ള പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്തു - പദ്ധതി നടപ്പിലാക്കിയിട്ടില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-17 |
| 18 | IKMന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-18 |
| 19 | ജനനി പദ്ധതിക്കായി ലാപ്ടോപ് വാങ്ങിയത് പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-19 |
| 20 | പൂഴിക്കുന്ന് കുടിവെള്ള പദ്ധതി (284/21) പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ<br>Written By: T.P.Abdul Jaleel (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 1-20 |
| 21 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-21 |
| 22 | കരാറുകാർക്ക് GST അധികം നൽകി<br>Written By: T.P.Abdul Jaleel (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-22 |
| 23 | കിളച്ച് മാറ്റിയ മണ്ണ് പുനരുപയോഗിച്ചില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-23 |
| 24 | തൊഴിൽ നികുതി അപാകതകൾ .<br>Written By: Abdul Ali Kunnan (Auditor, On 30-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-24 |
| 25 | മുൻകൂർ തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.<br>Written By: Latha.O.V (Auditor, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-25 |
| 26 | സ്കൂളുകളിലേയ്ക്ക് പാചകപാത്രങ്ങൾ വാങ്ങൽ : വിശദമായ വിതരണവിവരം ലഭ്യമാക്കിയില്ല.<br>Written By: Latha.O.V (Auditor, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-26 |
| 27 | നെല്ലിന് കൂലി ചെലവ് സബ്സിഡി : ചെലവു രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Latha.O.V (Auditor, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-27 |
| 28 | കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല.<br>Written By: Latha.O.V (Auditor, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം.<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 27-05-2022) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 27-05-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 27-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 17-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 31-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 31-05-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1/1 തീയതി-26.03.2020 | ഭരണ സമിതി തീരുമാനം നം-2/3 തീയതി-11.06.2021<br>സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ 5/25-01-21 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 05.07.2021 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9185750 |
| വരവ് | 90757289 |
| ആകെ | 99943039 |
| ചെലവ് | 92386077 |
| നീക്കിയിരിപ്പ് | 7556962 |

### 1-4 ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15283502 | 15283502 | 15281660 | 1842 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6026448 | 6026448 | 5297395 | 729053 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15656000 | 15656000 | 15656000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4737594 | 4737594 | 4737594 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6440000 | 6440000 | 4949659 | 1490341 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 9865802 | 9865802 | 9564389 | 301413 |
| ബി ഫണ്ട് | 0 | 61658840 | 61658840 | 61658840 | 0 |

വികസന ഫണ്ട് ജനറൽ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 15020656/- രൂപയും വികസന ഫണ്ട് എസ്.സി.പി ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 5304708/- രൂപയുമാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 290 | 96671373 | 173 | 72754096 | 68 | 49 | 75.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 324311 | 1355245 | 1679556 | 1644659 | 34897 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14629223 | 14629223 | 14629223 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 3370700 | 187 |
| വിധവാപെൻഷൻ | 21020000 | 1331 |
| വാർദ്ധക്യകാലപെൻഷൻ | 28643800 | 1856 |
| വികലാംഗപെൻഷൻ | 7433600 | 483 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 859300 | 59 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. കളക്ഷൻ തുക 30059 രൂപ അതത് ദിവസം തന്നെ ബാങ്കിൽ അടവാക്കിയതായി ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. കൃഷി ഓഫീസർ, ഹെഡ്മിസ്ട്രസ് എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ കണ്ടിജന്റ് ചെലവുകൾക്കായി ലഭ്യമായ മുൻകൂർ തുകകൾ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.
2. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് | 28/04/2022 | 02/2022 – | 19/02/2022 |

| | | |
|---|---|---|
| ഓഡിറ്റ് | 03/2022 | |
| എ.ജി ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21ലെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം അതാത് ദിവസം കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറിയാണ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്. ടി അപാകത പരിഹരിക്കേണ്ടതാണ്.

2) മുൻ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച മുൻകൂറുകൾ [Advance Payment Of Royalty, Advance Payment For River Management Fund, KWA, KSEB എന്നിവക്ക് നൽകിയ മുൻകൂറുകൾ (B-18)] ക്രമീകരിച്ചിട്ടില്ല. 2019-20വർഷത്തെ തുകകൾ തന്നെ മാറ്റമില്ലാതെ തുടരുന്നു. മുൻവർഷത്തിൽ KWA, KSEB എന്നിവക്ക് മുൻകൂർ നൽകിയ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാത്തത് എന്ന് അറിയിക്കേണ്ടതാണ്.

3) Advance To Implementing Officers എന്ന ശീർഷകത്തിൽ 122057രൂപ ബാധ്യതയായി ബുക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുക ക്രമീകരിച്ചിട്ടില്ല. (ഹെഡ്മാസ്റ്റർ- 60000)

4) B-4 ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 55610/-രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുക പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

5) സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള തുകകൾ Advance To Implementing Agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിനു പകരം വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ലഭ്യമാകാതെ തന്നെ അതാത് ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം. | ചെലവ് ചെയ്ത ശീർഷകം | നിർവ്വഹണ ഏജൻസി | പൂർത്തീകരണ വിവരം |
|---|---|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ് സമിതികൾക്ക് അഡ്വാൻസ് നൽകിയത് | 22000057/15.04.20, 190000 (ശുചിത്വമിഷൻ ഫണ്ട്) | Sanitation Expences | വാർഡ് സമിതികൾ | തുക മുഴുവൻ ചെലവഴിച്ചിട്ടില്ല. |
| 2 | മൊട്ടമ്മൽ കട്ടപുറം റോഡിലെ വൈദ്യുതി പോസ്റ്റ് മാറ്റിവെക്കൽ | 22000150/05.06.20 11847 (തനത്ഫണ്ട്) | Expenses For Shifting Electric Post | KSEB | UC ലഭ്യമാക്കിയിട്ടില്ല |
| 3 | വള്ളിക്കാപറ്റ ബ്ലൈന്റ് സ്കൂൾപടിയിലെ വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 22000151/05.06.20 7867 (തനത്ഫണ്ട്) | Expenses For Shifting Electric Post | KSEB | UC ലഭ്യമാക്കിയിട്ടില്ല |
| 4 | കടുവൂർ വാർഡിലെ പാറമ്മൽ അംഗൻവാടി റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000620/13.10.20 20487 (തനത്ഫണ്ട്) | Expenses For Shifting Electric Post | KSEB | UC ലഭ്യമാക്കിയിട്ടില്ല |

6) ചെക്ക് നൽകി ദിവസങ്ങൾക്ക് ശേഷമാണ് സാംഖ്യയിൽ ചില പേമെന്റ് വൗച്ചർ തയ്യാറാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | വൗച്ചർ നം. തീയതി | തുക | ഇനം |
|---|---|---|---|---|
| 1 | 3217/08.03.21 | 22001125/15.03.21 | 14496 | 202/21, Chelur Sisuvihar Road Maintanance-AE |
| 2 | 3217/08.03.21 | 22001126/15.03.21 | 310000 | 324/21, Construction Of New Building To Public Toilet-AE |
| 3 | 3219/08.03.21 | 22001129/15.03.21 | 19397 | Service Connection Charge For Minimast Light. |
| 4 | 3220/08.03.21 | 22001130/15.03.21 | 35000 | Advance Payment To MO PHC For Contigent Expenses |

7) ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള നികുതി നിരക്കുകൾ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാത്തതിനും സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/20-21 തിയ്യതി 23-05-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 വസ്തു നികുതി - നികുതി കണക്കാക്കിയതിൽ കുറവ്.

കുട്ടിലങ്ങാടി പഞ്ചായത്ത് വാർഡ് 6 ൽ റീ.സർവ്വേ 31/1-3, 33/4 B (ബ്ലോക്ക് 41) ൽ ശ്രീ.അഷ്റഫ്.കെ.സി & ശ്രീ.ഹസ്സൻ.കെ.സി എന്നവരുടെ ഉടമസ്ഥതയിൽ 204.34 M2 വിസ്തൃതിയിൽ പണിത ഗണം ജി1 ൽ (പാനൽ ബോർഡ് നിർമ്മാണം & പൗഡർ കോട്ടിംഗ്) ഉൾപ്പെട്ട കെട്ടിടത്തിന് 6/554 B നമ്പർ അനുവദിച്ച് 20-21 ഒന്നാം അർദ്ധവർഷം മുതൽ കെട്ടിട നികുതി ഇനത്തിൽ ആകെ 2147 രൂപ ഈടാക്കുന്നുണ്ട്.

കുട്ടിലങ്ങാടി പഞ്ചായത്ത് ഭരണസമിതിയുടെ 14-12-2011 ലെ പതിനൊന്നാം നമ്പർ തീരുമാന പ്രകാരം വ്യാവസായികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തത് ചുവടെ ചേർത്ത പ്രകാരമാണ്.

എ) കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ എന്നിവക്ക് 10 രൂപ

ബി) ഇതര വ്യവസായാവശ്യങ്ങൾക്കുള്ളവക്ക് 40 രൂപ

ഇത് പ്രകാരം ഇതര വ്യവസായ ഗണത്തിൽ പെടുന്ന മേൽ കെട്ടിടത്തിന് ചുവടെ ചേർത്ത പ്രകാരം നികുതി ഈടാക്കേണ്ടതുണ്ട്.

| കെട്ടിട നമ്പർ & വിസ്തീർണ്ണം | ഈടാക്കിയ നിരക്ക് (ച.മീ ന് 10) | ഈടാക്കേണ്ടത് (ച.മീ ന് 40) | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 6/554 B , 204.34 | 2147 രൂപ<br>വർദ്ധനവ് - വഴി 20 %<br>ഇളവ് - മേൽക്കൂര 10%<br>മേഖല 10%<br>+ ലൈബ്രറി സെസ്സ് 5% | 8583<br>വർദ്ധനവ് - വഴി 20 %<br>ഇളവ് - മേൽക്കൂര 10%<br>മേഖല 10%<br>+ ലൈബ്രറി സെസ്സ് 5% | 6436 രൂപ കുറവ്. |

(നികുതി പുനഃനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുന്നതിന്, ഓഡിറ്റ് എൻക്വയറി നമ്പർ 3/20-21 തിയ്യതി 24-05-2022 പ്രകാരം നൽകിയ അന്വേഷണക്കുറിപ്പിന് 27-5-22 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി പുനർ നിർണ്ണയിച്ചതായും കുറവ് വന്ന തുക 3640 രൂപ (2-ാം അർദ്ധവർഷം) 1220100864 നമ്പർ റസീപ്റ്റ് പ്രകാരം 27-05-22 ന് അടവാക്കിയതായി അറിയിക്കുകയും പകർപ്പ് പരിശോധനക്കായി ഹാജരാക്കുകയും ചെയ്തിട്ടുണ്ട്)

## 1-14 കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.

കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത് വാർഡ് 5 ൽ റീ.സർവ്വേ 27/1-2 ൽ ശ്രീ.ഷൗക്കത്തലി നടുവത്ത്കുണ്ടിൽ എന്നവരുടെ ഉടമസ്ഥതയിൽ 314.12 M2 വിസ്തൃതിയിൽ പണിത വാണിജ്യ കെട്ടിടത്തിന് (പെർമിറ്റ് നം A3-BA/21956/2019 Dt 23-07-2019) 5/285 B മുതൽ E വരെ നമ്പറുകൾ അനുവദിച്ച് 20-21 രണ്ടാം അർദ്ധവർഷം മുതൽ കെട്ടിട നികുതി ഈടാക്കുന്നുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന് 2011 ലെ ചട്ടം 38 (3) പ്രകാരം (Carpet Area Ground Floor 99.92 M2 – Commercial(2), First Floor 104.74 – Lodging (1) ) ഈ കെട്ടിത്തിന് 3 കാർ പാർക്കിംഗും ആയതിന്റെ 25 % ഇരുചക്ര വാഹന പാർക്കിംഗും ലഭ്യമാവേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമല്ല. 2 കാർ പാർക്കിംഗിനുള്ള സൗകര്യങ്ങൾ മാത്രമേ കെട്ടിടത്തിന് ഒരുക്കിയിട്ടുള്ളൂ. ഓരോ വാഹനത്തിന്റെയും പാർക്കിംഗ് വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണെന്നിരിക്കെ ചട്ട പ്രകാരമുള്ള നിർദ്ദേശം പാലിച്ചല്ല അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. കെട്ടിടം പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനിയർ കെട്ടിടം ആവശ്യമായ പാർക്കിംഗ് സൗകര്യത്തോട് കൂടി ബിൽഡിംഗ് റൂൾ പാലിച്ചാണ് നിർമ്മിച്ചത് എന്ന് റിപ്പോർട്ട് ചെയ്തു കാണുന്നു. ആവശ്യമായ കാർ പാർക്കിംഗ്, ഇരു ചക്ര വാഹന പാർക്കിംഗ് സൗകര്യം എന്നിവ ഇല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകിയത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. (ഓഡിറ്റ് എൻക്വയറി 19/ 20-21 തിയ്യതി 26-05-2022 മറുപടി ലഭ്യമാക്കിയിട്ടില്ല). ആയതിന് വസ്തുതാപരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ സേവന മേഖലയിലുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന തുക ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| 10 ലക്ഷം വരെ (മൈക്രോ ) | 500 രൂപ |
| 10 ലക്ഷം മുതൽ 25 ലക്ഷം വരെ (മിനി) | 1000 രൂപ |
| 25 ലക്ഷം മുതൽ 2 കോടി വരെ (സ്മോൾ ) | 5000 രൂപ |
| 2 കോടി മുതൽ 5 കോടി വരെ (മീഡിയം ) | 10000 രൂപ |
| 5 കോടിയിൽ കൂടുതലുള്ളവ (ലാർജ്) | 15000 രൂപ |

44/20-21 നമ്പറായി ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ച ഫിനിക്സ് കാർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കുട്ടിലങ്ങാടി (Xv/238A നമ്പർ കെട്ടിടം) എന്ന സ്ഥാപനത്തിന് കാർ വിൽപ്പനക്കും സർവ്വീസിംഗിനും ആയി

ലൈസൻസ് അനുവദിക്കുകയും ലൈസൻസ് ഫീയായി 2000 രൂപ 119040109629 തി.26-2-20 നമ്പർ റസീപ്റ്റ് പ്രകാരം ഈടാക്കുകയും ചെയ്തിട്ടുണ്ട്. ടി ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം ചേർക്കുന്നിടത്ത് ഫോക്സ് വാഗൺ കാറുകളുടെ വിൽപ്പനയും സർവ്വീസും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർക്കാത്തതിനാൽ ചട്ട പ്രകാരമുള്ള തുക ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഈടാക്കിയ തുക ചട്ട പ്രകാരമുള്ള സ്ലാബിനകത്ത് ഉൾപ്പെടുന്നതുമല്ല.

ഇത്തരം സ്ഥാപനങ്ങൾ തുടങ്ങാൻ ഭീമമായ മൂലധനം ആവശ്യമാണെന്നിരിക്കേ ലൈസൻസ് ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യമായ പരിശോധന നടത്തി യഥാർത്ഥ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 10/20-21 തിയ്യതി 26-05-2022)

## 1-16 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തതത്- പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം , ഫൈനൽബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക | വൗച്ചർ നം./തീയതി | ഏജൻസി |
|---|---|---|---|---|
| 1 | മൊട്ടമ്മൽ കട്ടൂപുറം റോഡിലെ വൈദ്യുതി പോസ്റ്റ് മാറ്റിവെക്കൽ | 11847 (തനത്ഫണ്ട്) | 22000150/05.06.20 | KSEB മക്കരപ്പറമ്പ് സെക്ഷൻ |
| 2 | വള്ളിക്കാപറ്റ ബ്ലൈന്റ് സ്കൂൾപടിയിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 7867 (തനത്ഫണ്ട്) | 22000151/05.06.20 | KSEB മങ്കട സെക്ഷൻ |
| 3 | കടുവ്വൂർ വാർഡിലെ പാറമ്മൽ അംഗൻവാടി റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20487 (തനത്ഫണ്ട്) | 22000620/13.10.20 | KSEB മക്കരപ്പറമ്പ് സെക്ഷൻ |

പോസ്റ്റ് മാറ്റി വെക്കൽ പ്രവൃത്തികൾ പ്രോജക്റ്റ് തയ്യാറാക്കിയല്ല നടപ്പാക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം, ഫൈനൽബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ 40201/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം. 01/20-21, 23.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 എസ്റ്റിമേറ്റ് ലഭ്യമാക്കാതെ കുടിവെള്ള പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്തു - പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. പേര് | 332/21, പാലാപറമ്പ് കുടിവെള്ളപദ്ധതി പൂർത്തീകരണം |
| ചെലവ് തുക | 300000 (CFC) |
| ബിൽ നം. തീയതി | 24/31.03.21 |
| നിർവ്വഹണം | സെക്രട്ടറി |

രണ്ടാം വാർഡിലെ പാലാപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും പൈപ്പ് ലൈൻ നീട്ടുന്നതിനും മലപ്പുറം ഭൂഗർഭ ജല വകുപ്പ് ജില്ലാ ഓഫീസറുടെ അക്കൗണ്ടിലേക്ക്

300000/-രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

ഭൂഗർഭ ജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് പദ്ധതിയുടെ അടങ്കൽ തുകയായ 300000/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. സെക്രട്ടറിയുടെ 30.03.21 ലെ നടപടിക്രമത്തിൽ ഫണ്ട് നഷ്ടമാകാതിരിക്കാൻ എസ്റ്റിമേറ്റ് ലഭിക്കുന്നതിനു മുമ്പ് തുക ഡെപ്പോസിറ്റ് ചെയ്യാൻ തീരുമാനിക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 11.03.22ലെ നം.എ2/4871/19 കത്ത് പ്രകാരവും ഭൂഗർഭ ജല വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ നാളിതുവരെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ പദ്ധതി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

സ.ഉ (കൈ) നം.11/2018/തസ്വഭവ/29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2(ഡി) പ്രകാരം KSEB, KWA, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തയ്യാറാക്കി നൽകേണ്ടതും ശേഷം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. എന്നാൽ ഇത്തരം നിബന്ധനകൾ പാലിച്ചിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസിക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/20-21/25.05.22 ന് മറുപടി നൽകിയിട്ടില്ല.

പദ്ധതി പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരണപത്രം, ഫൈനൽ ബിൽ, വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ 300000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-18 IKMന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 03/20-21 പ്രകാരം IKMന് പ്രവർത്തനഫണ്ടായി ബിൽ നം.04/21.05.2020 പ്രകാരം 133092/-രൂപ (വികസനഫണ്ട് ജനറൽ) നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.01/20-21/23.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ജനനി പദ്ധതിക്കായി ലാപ്ടോപ് വാങ്ങിയത് പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. പേര് | 79/21 , ജനനി പദ്ധതി |
| ചെലവ് തുക | 40129 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം. തീയതി | 72/14.05.20 |
| നിർവ്വഹണം | സെക്രട്ടറി |

ഹോമിയോപതി വന്ധ്യതാ നിവാരണ പദ്ധതിയായ ജനനി പദ്ധതി കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഹോമിയോ ഡിസ്പെൻസറിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറിയിലെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കംപ്യൂട്ടർ വാങ്ങുന്നതാണ് പദ്ധതി. ഇതിനായി CPRCS പോർട്ടൽ വഴി ഒരു കംപ്യൂട്ടർ ഓർഡർ നൽകുകയും സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/18133 /20-21/11.05.20) പ്രകാരമുള്ള 40129/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകുകയും കംപ്യൂട്ടർ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ കംപ്യൂട്ടർ ലഭ്യമായ ഇൻവോയിസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമായ കംപ്യൂട്ടർ ഘടകസ്ഥാപനത്തിന് കൈമാറാതെ പഞ്ചായത്ത് ഓഫീസിൽ തന്നെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.04 /20-21/25.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കംപ്യൂട്ടർ ലഭ്യമായ ഇൻവോയിസ് ഹാജരാക്കേണ്ടതും ജനനി പദ്ധതി നടപ്പിലാക്കുന്നതിനായി കംപ്യൂട്ടർ ഹോമിയോ ഡിസ്പെൻസറിക്ക് കൈമാറേണ്ടതുമാണ്. അതുവരെ ചെലവ് തുകയായ 40129/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 പൂഴിക്കുന്ന് കുടിവെള്ള പദ്ധതി (284/21) പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

മേൽ പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള | എസ്റ്റിമേറ്റ് പ്രകാരമുള്ള |
|---|---|---|

| | പ്രവൃത്തി | ചെലവ് |
|---|---|---|
| പൂഴിക്കുന്ന് കടിവെള്ള പദ്ധതി (284/21)<br>അടങ്കൽ: 1000000 (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ വി കെ മുഹമ്മത് ഷക്കീൽ<br>കരാർ: 143/2019-20/26-2-20<br>അളവ് പുസ്തകം: 143/19-20, 150/19-20<br>ചെലവ്: 869539രൂപ<br>വൗച്ചർ നമ്പർ: 59, 60 A, 96/20-21 | RCC Tank Platform, PVC Tank | 348399.57 |
| | Puping Main And Distribution | 269244.22 |
| | Booth Pump House | 58210.91 |
| | 10 HP Pump Set & Motor | 155000.00 |
| | KSEB Charge | 62000.00 |
| | LS | 2.44 |
| | GST Provision | 107142.86 |
| | TOTAL | 1000000.00 |

അപാകതകൾ

1) അളവ് പുസ്തക പ്രകാരം ജലവിതരണത്തിന് വേണ്ടി ആകെ 69.85 മീറ്റർ GI പൈപ്പ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ, വെള്ളം ശേഖരിക്കുന്നതിനായി ടാപ്പുകൾ ഒന്നും തന്നെ സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെച്ചിട്ടില്ല. മേൽ പ്രവൃത്തിക്ക് നാളിതുവരേയും ടാപ്പുകൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ലെന്ന് ഓവർസിയറുടെ സാന്നിധ്യത്തിൽ 25-5-22 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. മാത്രമല്ല, ഈ പ്രദേശം ജല ദൗർലഭ്യമുള്ളതാണെന്നും പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ഒരു പ്രാവശ്യം മാത്രമാണ് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്തതെന്നും ഈ വെള്ളം ഇപ്പോഴും ടാങ്കിൽ തന്നെയാണെന്നും സമീപവാസിയും ഗുണഭോക്താവുമായ ഹംസ എന്നവർ സ്ഥലപരിശോധനാ വേളയിൽ വാക്കാൽ വിശദീകരിച്ചു. 869539രൂപ ചെലവഴിച്ചിട്ടും ഈ പദ്ധതി കൊണ്ട് യാതൊരു പ്രയോജനവും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല.

2) മേൽ പദ്ധതിക്ക് വേണ്ടി കിണറിനരികിലായി ബൂത്ത് പമ്പ് ഹൗസ് സ്ഥാപിച്ചിരുന്നു. എന്നാൽ ഈ ബൂത്ത് പമ്പ് ഹൗസ്, കിണറിന് മുകളിൽ സ്ഥാപിച്ച Well Net Cover മുറിച്ച് കളഞ്ഞ് കിണറിന് മുകളിൽ കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ച് അതിന് മുകളിലേക്ക് മാറ്റുന്ന പ്രവൃത്തി നടക്കുന്നതായി ഓവർസിയറുടെ സാന്നിധ്യത്തിൽ 25-5-22 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ഇപ്രകാരം ബൂത്ത് പമ്പ് ഹൗസ് മാറ്റിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല ഇപ്രകാരം മാറ്റിയതിനാൽ മേൽ പ്രവൃത്തി പ്രകാരം കിണറിനരികിലായി ബൂത്ത് പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും Well Net Cover സ്ഥാപിക്കുന്നതിനും താഴെ പറയും പ്രകാരമുള്ള 250208.39 രൂപ പാഴ്ചെലവായി.

| ചെലവിനം | തുക |
|---|---|
| മൺപണി | 225.05 |
| സിമെന്റ് കോൺക്രീറ്റ് | 4655.65 |
| Well Net Cover | 20327.69 |
| ആകെ | 25208.39 |

ബൂത്ത് പമ്പ് ഹൗസ് കിണറിന് മുകളിൽ കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ച് അതിന് മുകളിലേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3) ഈ പ്രവൃത്തി നടത്തിപ്പിന് വേണ്ടിയുള്ള ബൂത്ത് പമ്പ് ഹൗസ്, RCC Tank Platform, Puping Main And Distribution എന്നിവയുടെ പൈപ്പ് സ്ഥാപിക്കൽ, നിലവിലുള്ള കിണർ എന്നിവയുടെ ഭൂമി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 12/26-5-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയുന്ന മറുപടി നൽകി.

1) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് വെള്ളം ശേഖരിക്കുന്നതിനായി ടാപ്പുകൾ ഒന്നും തന്നെ സ്ഥാപിക്കാതിരുന്നത്.

2) ഗ്രില്ലിന് മുകളിൽ ബൂത്ത് പമ്പ് ഹൗസ് സ്ഥാപിച്ചതിന്, സുരക്ഷാ കാരണങ്ങളാൽ KSEB യിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്നതിനാൽ ആയത് കിണറിനരികിൽ സ്ഥാപിക്കുകയും പിന്നീട് ബൂത്ത് പമ്പ് ഹൗസ് കിണറിന് മുകളിൽ കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ച് അതിന് മുകളിലേക്ക് മാറ്റി സ്ഥാപിക്കുകയുമാണ് ചെയ്തത്.

3) കിണർ, ടാങ്ക് എന്നിവയുടെ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണ്.

വ്യക്തമായ ആസൂത്രണമില്ലാതെ പ്രവൃത്തി നടത്തിയതിനാലാണ് മേൽ പ്രകാരം അപാകത സംഭവിച്ചതെന്ന് മേൽ മറുപടിയിൽ നിന്ന് വ്യക്തമാണ്.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തിരിച്ചടച്ചു.

ഗ്രാമ പഞ്ചായത്തിലെ കടുങ്ങൂത്ത് അംഗനവാടി നവീകരണം എന്ന പദ്ധതിയിലെ മേൽക്കൂര നിർമ്മാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസിയറുടെ സാന്നിധ്യത്തിൽ 25-5-22 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് ഓഡിറ്റ് എൻക്വയറി നംപർ 14/26-5-22 മുഖേന ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന്, അധികം നൽകിയ 3945 രൂപ, 1220100866/G100805 /27-5-22 രശീതി പ്രകാരം അടവാക്കി.

അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| കടുങ്ങൂത്ത് അംഗനവാടി നവീകരണം (262/21)<br>അടങ്കൽ: 100000 (MGNR)<br>കരാറുകാരൻ: ശ്രീ ടി ഷംസുദ്ധീൻ<br>കരാർ: 128/2019-20/29-10-19<br>(എസ്റ്റിമേറ്റ് നിരക്ക്)<br>അളവ് പുസ്തകം: 128/19-20<br>ചെലവ്: 100000രൂപ<br>ബിൽ നംപർ: 46/2-21 | ഇനം 4<br>161.79Kg | 21236.56<br>@131.26/Kg | 17292.11<br>@106.88/kg<br>(ER: 111.93,<br>2.15% Below R) | 3944 |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ്: 31.06% | | | | |

മറ്റ് അപാകത

മേൽക്കൂര മേയുന്നതിന് കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു.

മേൽ പ്രവൃത്തിയുടെ ഇനം (6) 0.35 Mm കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര മേയുന്നതിനുള്ളതാണ്. എന്നാൽ, 0.30 Mm കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ചാണ് മേൽക്കൂര മേഞ്ഞിട്ടുള്ളതെന്ന് ഓവർസിയറുടെ സാന്നിധ്യത്തിൽ 25-5-22 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, നിലവാരം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ തുക നൽകിയതിനും നിലവാരം കുറഞ്ഞ പ്രവൃത്തി അംഗീകരിച്ചതിനും വിശദീകരണം നൽകേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ 14/26-5-22 നംപർ ഓഡിറ്റ് എൻക്വയറിക്ക്, മേൽ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം നൽകിയ നിരക്ക് മാർക്കറ്റ് നിരക്കിനേക്കാളും കുറഞ്ഞ നിരക്കാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ മറുപടി തൃപതികരമല്ല. ഗ്രാമ പഞ്ചായത്തിൽ തൻ വർഷം നടത്തിയ 0.35 Mm കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര മേയുന്നതിനുള്ള പ്രവൃത്തികൾക്കെല്ലാം ഇതേ നിരക്ക് തന്നെയാണ് അനുവദിച്ചിട്ടുള്ളത്. ആയതെല്ലാം 0.30 Mm കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ചാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ മേൽ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 കരാറുകാർക്ക് GST അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കരാറുകാർ മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച പദ്ധതികളുടെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 13125 രൂപ ബന്ധപ്പെട്ട കരാറുകാരൻ KSEB യിൽ അടവാക്കിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി KSEB യിൽ അടവാക്കിയ തുകയുടെ ബില്ല് പ്രകാരമാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. KSEB ൽ അടവാക്കിയ തുക 18% ജി.എസ്.ടി കൂടി ഉൾപ്പെടുന്നതാണ്. എന്നാൽ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ മറ്റിനങ്ങൾക്കൊപ്പം KSEB യിൽ അടവാക്കിയ തുകയും ആകെ മൂല്യ നിർണ്ണയ തുകയോടൊപ്പം ചേർത്ത് പ്രസ്തുത തുകയുടെ 12% ജി.എസ്.ടി കൂടി കരാറുകാർക്ക് നൽകിയിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തി നിർവ്വഹിക്കുന്നത് KSEB ആണ്. പ്രസ്തുത പ്രവൃത്തിക്കുള്ള ജി.എസ്.ടി തുക KSEB ക്ക് നൽകിയിട്ടുമുണ്ട്. KSEB യിൽ അടച്ച തുകയിന്മേൽ കരാറുകാരന് ജി.എസ്.ടി നൽകേണ്ടതില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ഇനം | KSEB യിൽ അടവാക്കിയ തുക (GST ഉൾപ്പെടെ) | കരാറുകാരന് മൂല്യനിർണ്ണയ തുകയോടൊപ്പം നൽകിയ ജി.എസ്.ടി തുക 12% |
|---|---|---|---|---|
| 1 | മുണ്ടയിൽപടി ജങ്ക്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 159/21 | 18)KSEB Test Report Charge 19)KSEB | 500+8663 = 9163 രൂപ | 1100 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ. ശ്രീ അബ്ദുൾ റഷീദ് K P<br>കരാർ: 101/20-21 /26-8-20<br>(എസ്റ്റിമേറ്റ് നിരക്ക്)<br>അളവ് പുസ്തകം 101/20-21<br>ചെലവ്: 149833 രൂപ<br>വൗച്ചർ: 128/22-12-20: 144666<br>വൗച്ചർ: 129/22-12-20: 5167 | Service Connection Charge | | |
| 2 | തിരുത്ത്പറമ്പ് ജങ്ക്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 160/21<br>കരാറുകാരൻ. ശ്രീ അബ്ദുൾ റഷീദ് K P<br>കരാർ: 102/20-21 /26-8-20<br>(എസ്റ്റിമേറ്റ് നിരക്ക്)<br>അളവ് പുസ്തകം 102/20-21<br>ചെലവ്: 149833 രൂപ<br>വൗച്ചർ: 130/22-12-20: 144666<br>വൗച്ചർ: 131/22-12-20: 5167 | 18)KSEB Test Report Charge<br>19)KSEB Service Connection Charge | 500+8663 = 9113 രൂപ | 1100 |
| 3 | GLPS പടിഞ്ഞാറ്റുമുറി ജങ്ക്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 161/21 | 18)KSEB Test Report Charge<br>19)KSEB | 500+8663 = 9113 രൂപ | 1100 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ. ശ്രീ അബ്ദുൾ റഷീദ് K P<br>കരാർ: 102/20-21 /26-8-20<br>(എസ്റ്റിമേറ്റ് നിരക്ക്)<br>അളവ് പുസ്തകം 102/20-21<br>ചെലവ്: 149833 രൂപ<br>വൗച്ചർ: 132/22-12-20: 144666<br>വൗച്ചർ: 133/22-12-20: 5167 | Service Connection Charge | | |
| 4 | ഉന്നംതല ടൗണിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 163/21<br>കരാറുകാരൻ. ശ്രീ സുന്ദർ മോഹൻ K P<br>കരാർ: 108/20-21 /17-9-20<br>(എസ്റ്റിമേറ്റ് നിരക്ക്)<br>അളവ് പുസ്തകം 108/20-21<br>ചെലവ്: 149785 രൂപ<br>വൗച്ചർ: 214/30-3-21: 144618<br>വൗച്ചർ: 215/30-3-21: 5167 | 18)KSEB Test Report Charge<br>19)KSEB Service Connection Charge | 500+3071 = 3571 രൂപ | 429 |
| 5 | GLPS കുട്ടിലങ്ങാടി ജങ്ക്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 164/21 | 18)KSEB Test Report Charge<br>19)KSEB | 500+3071 = 3571 രൂപ | 429 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ. ശ്രീ സുന്ദർ മോഹൻ K P<br>കരാർ: 109/20-21 /17-9-20<br>(എസ്റ്റിമേറ്റ് നിരക്ക്)<br>അളവ് പുസ്തകം 109/20-21<br>ചെലവ്: 149785 രൂപ<br>വൗച്ചർ: 216/30-3-21: 144618<br>വൗച്ചർ: 217/30-3-21: 5167 | Service Connection Charge | | |
| 6 | കടുങ്ങൂർ ടൗണിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 247/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 104/19-20 /22-10-19<br>(16.95% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 104/19-20<br>ചെലവ്: 119239 രൂപ<br>വൗച്ചർ: 181/16-2-21: 114254<br>വൗച്ചർ: 182/16-2-21: 4985 | 25)KSEB Test Report Charge<br>26)KSEB Service Connection Charge | 500+2132 = 2632 രൂപ | 271<br>(315.84 – 16.95%) |
| 7 | ബ്ളൈന്റ് സ്കൂൾപടി ടൗണിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, | 25)KSEB Test Report Charge | 500+2132 = 2632 രൂപ | 273<br>(315.84 – 16.09%) |

| | | | | |
|---|---|---|---|---|
| | 250/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 107/19-20 /22-10-19<br>(16.09% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 104/19-20<br>ചെലവ്: 118632 രൂപ<br>വൗച്ചർ: 113/13-11-20: 4985<br>വൗച്ചർ: 122/16-11-20: 113647 | 26)KSEB Service Connection Charge | | |
| 8 | കാഞ്ഞമണ്ണ ടൗണിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 249/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 106/19-20 /22-10-19<br>(16.90% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 106/19-20<br>ചെലവ്: 120978 രൂപ<br>വൗച്ചർ: 112/13-11-20: 4985<br>വൗച്ചർ: 121/16-11-20: 115993 | 25)KSEB Test Report Charge<br>26)KSEB Service Connection Charge | 500+8722= 9222 രൂപ | 947 (1106.64 – 16.90%) |
| 9 | കീരംകുണ്ട് ടൗണിൽ | 25)KSEB Test | 500+2132= | 271 |

| | | | | |
|---|---|---|---|---|
| | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 248/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 105/19-20 /22-10-19<br>(16.90% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 105/19-20<br>ചെലവ്: 119162 രൂപ<br>വൗച്ചർ: 111/13-11-20: 4985<br>വൗച്ചർ: 120/16-11-20: 114177 | Report Charge<br>26)KSEB Service Connection Charge | 2632 രൂപ | (315.84 – 16.90%) |
| 10 | കക്കാട് ടൗണിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 269/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 116/19-20 /22-10-19<br>(16.91% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 111/19-20<br>ചെലവ്: 118415 രൂപ<br>വൗച്ചർ: 117/13-11-20: 4985<br>വൗച്ചർ: 126/16-11-20: 113430 | 25)KSEB Test Report Charge<br>26)KSEB Service Connection Charge | 500+2132=<br>2632 രൂപ | 271<br>(315.84 – 16.91%) |
| 11 | കവളപ്പാറ ടൗണിൽ | 25)KSEB Test | 500+2132= | 270 |

| | | | | | | |
|---|---|---|---|---|---|---|
| | | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 268/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 110/19-20 /22-10-19<br>(17.00% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 110/19-20<br>ചെലവ്: 118258 രൂപ<br>വൗച്ചർ: 116/13-11-20: 4985<br>വൗച്ചർ: 125/16-11-20: 113273 | Report Charge<br>26)KSEB Service Connection Charge | 2632 രൂപ | (315.84 – 17.00%) | |
| | 12 | കൊഴിഞ്ഞിൽ പള്ളിക്ക് സമീപം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 252/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 109/19-20 /22-10-19<br>(16.95% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 110/19-20<br>ചെലവ്: 118513 രൂപ<br>വൗച്ചർ: 115/13-11-20: 4985<br>വൗച്ചർ: 124/16-11-20: | 25)KSEB Test Report Charge<br>26)KSEB Service Connection Charge | 500+2132=<br>2632 രൂപ | 271<br>(315.84 – 16.95%) | |

| | | | | |
|---|---|---|---|---|
| | 113528 | | | |
| 13 | AR ക്യാമ്പിന് സമീപം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 251/21<br>കരാറുകാരൻ. ശ്രീ ഒ രവികുമാർ<br>കരാർ: 108/19-20 /22-10-19<br>(17.00% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്)<br>അളവ് പുസ്തകം 108/19-20<br>ചെലവ്: 118386 രൂപ<br>വൗച്ചർ: 114/13-11-20: 4985<br>വൗച്ചർ: 123/16-11-20: 113401 | 25)KSEB Test Report Charge<br>26)KSEB Service Connection Charge | 500+2132= 2632 രൂപ | 270<br>(315.84 – 17.00%) |
| 14 | പൂഴിക്കുന്ന് കുടിവെള്ള പദ്ധതി 284/21<br>കരാറുകാരൻ. ശ്രീ മുഹമ്മത് ഷക്കീൽ<br>കരാർ: 143/19-20 /26-2-20<br>(1PAC: 890334)<br>അളവ് പുസ്തകം 143/19-20, 150/19-20<br>ചെലവ്: 869539 രൂപ<br>വൗച്ചർ: 59/28-7-20: 469518<br>വൗച്ചർ: 60/28-7-20: 4743 | LUMP-SUM PROVISION For Service Connection Charge | 51018 രൂപ | 6123 |

| | | | | |
|---|---|---|---|---|
| | വൗച്ചർ: 96/10-11-20: 395215 | | | |
| | | | ആകെ | 13125 രൂപ |

GST വീണ്ടും നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/26-5-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കൊണ്ടാണ് തുക നൽകിയതെന്നും അധികത്തുക നൽകിയിട്ടില്ലെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 18% ന് പുറമേ 12% കൂടി GST നൽകിയതിനാൽ മേൽ മറുപടി സ്വീകാര്യമല്ല. ആയതിനാൽ അധികത്തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 കിളച്ച് മാറ്റിയ മണ്ണ് പുനരുപയോഗിച്ചില്ല

താഴെ പറയുന്ന പ്രവൃത്തികൾ പ്രകാരം പദ്ധതി സ്ഥലത്ത് നിന്ന് കിളച്ച് മാറ്റിയ മണ്ണ് അതേ പ്രവൃത്തിക്ക് ഉപയോഗിച്ചതായി കാണുന്നില്ല. പദ്ധതി സ്ഥലത്ത് നിന്ന് കിളച്ച് മാറ്റിയ മണ്ണ് പുനരുപയോഗിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

| പദ്ധതി വിശദാംശം | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ തുക |
|---|---|---|
| മേലേ പള്ളിപ്പുറം ചായംപാറ കൊഴിഞ്ഞിൽ റോഡ് പുനരുദ്ധാരണം 286/21<br>അടങ്കൽ: 50000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ചേക്കുട്ടി ഹാജി<br>കരാർ: 148/19-20/30-3-20<br>അളവ് പുസ്തകം: 148/19-20<br>ചെലവ്: 50000 രൂപ<br>ചെക്ക് നമ്പർ: 002698/16-2-21 | ഇനം (1): 260.00 M3<br>(കുറിപ്പ്: ഈ ഒരിനം മാത്രമുൾപ്പെട്ടതാണ് ഈ പ്രവൃത്തി) | 44642.86 രൂപ<br>(+ 12% GST) |
| മാടശ്ശേരി പൊതുകുളം നവീകരണം 168/21<br>അടങ്കൽ: 800000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ടി ഹനീഫ<br>കരാർ: 43/20-21/1-7-20-20<br>അളവ് പുസ്തകം: 43/20-21<br>ചെലവ്: 651198 രൂപ<br>വൗച്ചർ നമ്പർ: 212/20-21 | ഇനം (1): 542.793 M3 | 72933.47രൂപ<br>(+ 12% GST) |
| ആകെ | 802.793 M3 | |

മണ്ണിന്റെ ഉപയോഗ വിവരം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം മണ്ണിന്റെ വില തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/26-5-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി സ്ഥലത്ത് നിന്ന് കിളച്ച് മാറ്റിയ മണ്ണ് അതേ പദ്ധതിസ്ഥലത്ത് തന്നെ വിനിയോഗിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല 802.793 M3 ഡിപ്പാർട്ട്മെന്റൽ മണ്ണ് ഫില്ലിംഗ് നടത്തിയത് ഒരു ഇനമായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ട് പോലുമില്ല. ഭീമമായ അളവിലുള്ള മണ്ണ് ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 തൊഴിൽ നികുതി അപാകതകൾ .

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ ില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പട്ടികയിൽ ചേർത്ത കാലയളവിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് പെരിന്താറ്റിരി | 2020-21 ഒന്നാം അർദ്ധവർഷം |
| 2 | ബഡ്സ് സ്കൂൾ | 2020-21 ഒന്നാം അർദ്ധവർഷം |
| 3 | പോസ്റ്റ് ഓഫീസ് മങ്കട പള്ളിപ്പുറം | 2020-21 ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |
| 4 | എം.എം.എസ്.എച്ച്.എസ് കൊഴിഞ്ഞിൽ | 2020-21 ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |

മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 20/20-21 തിയ്യതി 27-4-2022).

## 1-25 മുൻകൂർ തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

കൃഷി ഓഫീസിലെ കണ്ടിജൻറ് ചെലവുകൾക്കായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം നൽകിയ മുൻകൂർ തുകകൾ ക്യാഷ് ബുക്കിൽ വരവ് വച്ചതായി കാണുന്നില്ല.

| നം | വൗച്ചർ നം ,തീയതി | തുക |
|---|---|---|
| 1 | 22000337/28.7.20 | 25000 |
| 2 | 22000704/18.11.20 | 25000 |
| 3 | 22000932/2.2.21 | 25000 |

ആകെ 75000/-

ക്യാഷ് ബുക്കിൽ വരവ് വയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മാത്രമല്ല, ക്രമ നമ്പർ 3 പ്രകാരമുള്ള ചെലവ് രേഖകൾ, 75000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് -നം.22 /27.5.22 മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ, 75000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മുൻകൂർ ലഭിച്ച തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 സ്കൂളുകളിലേയ്ക്ക് പാചകപാത്രങ്ങൾ വാങ്ങൽ : വിശദമായ വിതരണവിവരം ലഭ്യമാക്കിയില്ല.

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്ടിന്റെപേര് : സ്കൂളുകളിലേയ്ക്ക് പാചകപാത്രങ്ങൾ വാങ്ങൽ

പ്രൊജക്ട് നം 46/20-21

അടങ്കൽ :400000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് :399853/-(ബിൽ നം 389/5.3.21)

സ്കൂളുകളുടെ ഭൗതിക സാഹര്യം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം, അലങ്കാർ മെറ്റൽസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 1126/ 16.9.20 ഇൻവോയ്സ് നം പ്രകാരം താഴെ പറയുന്ന പാചകപാത്രങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | ആകെ തുക |
|---|---|---|

| | | |
|---|---|---|
| അലുമിനിയം ചെമ്പ് വലുത് | 5*7079.65 | 35398 |
| അലുമിനിയം ചെമ്പ് ചെറുത് | 9*5973.46 | 53761 |
| പ്രഷർ കുക്കർ | 14*1911 | 26761 |
| മിക്സർ ഗ്രൈന്റർ | 14*4403.36 | 61647 |
| സ്റ്റയിൻലസ് സ്റ്റീൽ അണ്ടാവ് | 53*327.44 | 17354 |
| സ്റ്റീൽ ബക്കറ്റ് വലുത് | 50*465 | 23230 |
| സ്റ്റീൽ ബക്കറ്റ് ചെറുത് | 36*279 | 10035 |
| ഇൻഡാലിയം ഉരുളി വലുത് | 5*4867 | 24336 |
| ഇൻഡാലിയം ഉരുളി ചെറുത് | 9*3650 | 32850 |
| സ്റ്റെയിൻലസ് സ്റ്റീൽ തവി വലുത് | 145*53.10 | 7699 |
| സ്റ്റെയിൻലസ് സ്റ്റീൽ തവി ചെറുത് | 145*35.40 | 5133 |
| സ്റ്റീൽ സംഭരണ പാത്രം | 85*331.86 | 28208 |
| ബേസിൻ | 91*265.49 | 24160 |
| ആകെ | | 350578/- |

ജി.എസ്.ടി 12% – 45768.28

സെസ്സ് – 3505.79

399852.07

ആകെ 14 സ്കൂളുകൾക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. എന്നാൽ മേൽ ഉപകരണങ്ങൾ എത്ര എണ്ണം വീതം സ്കൂളുകൾക്ക് വിതരണം ചെയ്തു എന്നതു സംബന്ധിച്ച വിശദമായ ടാബുലേഷൻ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.11 /26.5.22 വിശദമായ ടാബുലേഷൻ വിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 399853/- തടസ്സം ചെയ്യുന്നു.

## 1-27 നെല്ലിന് കൂലി ചെലവ് സബ്സിഡി : ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണം : കൃഷി ഓഫീസർ

പ്രൊജക്ടിന്റെപേര് : നെല്ലിന് കൂലി ചെലവ് സബ്സിഡി

പ്രൊജക്ട് നം 207/20-21(സ്പിൽ ഓവർ)

അടങ്കൽ : 3111100/- (പ്ലാൻ ഫണ്ട് 255000, ബ്ളോക്ക് വിഹിതം 56100)

ചെലവ് :3111100/-

മേൽ പദ്ധതി പ്രകാരം ചെലവഴിച്ച താഴെ കൊടുത്തിരിക്കുന്ന 255000 രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ബിൽ നം തീയതി | തുക |
|---|---|
| 37/24.4.20 | 38250 |

| | |
|---|---|
| 38/24.4.20 | 48450 |
| 39/24.4.20 | 168300 |
| | 255000 |

ചെലവു രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.17 /26.5.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 255000/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല.

2020-21 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 8 സ്പിൽ ഓവർ പ്രൊജക്ടുകളടക്കം 21 പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. ആയതിന് താഴെ പറയും പ്രകാരം വിവിധ ഫണ്ടുകളിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | വികസന ഫണ്ട് | വികസനഫണ്ട് എസ് സി പി | തനത് ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| അടങ്കൽ | 3784183 | 902075 | 972478 | 104975 | 927884 | 6691595 |
| ചെലവ് | 3359708 | 902075 | 872478 | 104975 | 645148 | 5884384 |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം.21/27.5.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടും അപാകത തുടർന്നു വരികയാണ്. കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 19.05.22 മുതൽ 27.05.22 വരെയുള്ള ഓഡിറ്റ് വേളയിൽ പരിശോധിച്ച | 2020-21 ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 540876 | ഭിന്നശേഷി സ്കോളർഷിപ്പ് | 43/21 | 540876 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 56100 | നെൽകൃഷിക്ക് കൂലിച്ചെലവ് | 207/21 | 56100 | 0 |
| | 275000 | ഭിന്നശേഷി സ്കോളർഷിപ്പ് | 43/21 | 275000 | 0 |
| | 48875 | നെൽകൃഷിക്ക് കൂലിച്ചെലവ് | 24/21 | 48475 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | മൊട്ടമ്മൽ കട്ടുപുറം റോഡിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000150/05.06.20 | 11847 (തനത്ഫണ്ട്) | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 11847 |
| KSEB | വള്ളിക്കാപറ്റബ്ലൈന്റ് സ്കൂൾപടിയിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000151/05.06.20 | 7867 (തനത്ഫണ്ട്) | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 7867 |
| KSEB | പാറമ്മൽ അംഗൻവാടി റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000620/13.10.20 | 20487 (തനത്ഫണ്ട്) | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 20487 |
| GWA | 322/21 പാലാപറമ്പ് കുഴൽകിണർ നിർമ്മാണം | 14/05.11.20 | 46095 (CFC) | 45613 | പൂർത്തീകരിച്ച | ബാലൻസ് തുക 482/-തിരികെ ലഭ്യമാക്കി |
| GWA | 332/21 പാലാപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 24/31.03.21 | 300000 (CFC) | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 300000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Life Mission Housing Scheme | | 5113642 | 4490112 | 409803 | 0 | 4080309 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2711893 |
| തൻവർഷം നിക്ഷേപിച്ച തുക | 219663 (പലിശ) |
| ആകെ | 2931556 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2931556 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

2019-20

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, കുട്ടിലങ്ങാടി<br>രസീത് നം. 0170110 തിയ്യതി 16/02/2016 | 2931556 | നിലവിലുള്ള സ്ഥിര നിക്ഷേപം പുതുക്കി വരുന്നു |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2018-19 | 1(16) | 600 | എം.രാജേഷ്, സെക്രട്ടറി | 120040101175 Dt 6/7/20 |
| 2018-19 | 1(16) | 750 | എം.രാജേഷ്, സെക്രട്ടറി | 120040101180 Dt 7/7/20 |
| 2018-19 | 1(16) | 450 | എം.രാജേഷ്, സെക്രട്ടറി | 120040101181 Dt 7/7/20 |
| 2019-20 | 1(16) | 250 | എം.രാജേഷ്, സെക്രട്ടറി | 120040108546 Dt 30/3/21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| ഖണ്ഡിക നം | നം | | |
|---|---|---|---|
| 2003-04 ഖണ്ഡിക 3(9) | 2007-08 | പൊതു ആവശ്യത്തിന് സ്ഥലം വാങ്ങൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | നടപടി തുടരുന്നു |
| 2014-15 ഖണ്ഡിക 2(3) | 2016-17 | | നടപടി തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 9185750 |
| ഓഡിറ്റ് വർഷത്തെ വരവ് | 90757289 |
| ആകെ | 99943039 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83818371 |
| നീക്കിയിരിപ്പ് | 7556962 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,35,183 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല. | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 19714 | ശ്രീ.സാബുമോൻ. , സെക്രട്ടറി |
| 1-16 | 20487 | രാജേഷ്.എം, സെക്രട്ടറി |
| 1-17 | 300000 | അനീഷ്.കെ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-19 | 40129 | ശ്രീ.സാബുമോൻ. , സെക്രട്ടറി |
| 1-26 | 399853 | ഗീത, ഹെഡ്മിസ്ട്രസ്സ് |
| 1-27 | 255000 | രംജിത.പി, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഖണ്ഡികകളുടെ എണ്ണം |
| 1 | 1968-69 | എൽഎഫ് എം 6/1150/86 തിയതി 02-8-1989 | 4 |
| 2 | 1985-86 | എൽ എഫ് എം 6/1276/91 തിയതി 06-05-1992 | 24 |
| 3 | 1986-87<br>1987-88 | എൽഎഫ് എം 6/1027/92 തിയതി 19-03-1999 | 20 |
| 4 | 1988-89<br>1989-90 | എൽഎഫ് എം 6/312/94 തിയതി 21-6-1994 | 13 |
| 5 | 1990-91 | എൽ എഫ് എം 6/70/95 തിയതി 09-05-1995 | 20 |
| 6 | 1991-92 | എൽ എഫ് എം 6/410/93 തിയതി 13-10-1993 | 20 |
| 7 | 1992-93<br>1993-94<br>1994-95 | എൽഎഫ് എം 4/1056/97 തിയതി 07-04-1999 | 93 |
| 8 | 1995-96 | എൽഎഫ് എം 11/374/04 തിയതി 04-05-2004 | 16 |
| 9 | 1996-97 | എൽഎഫ് എം 11/375/04 തിയതി 04-05-2004 | 22 |
| 10 | 1997-98 | എൽഎഫ് എം 11/373/04 തിയതി 05-05-2004 | 34 |
| 11 | 1998-99 | എൽ എഫ് എം 11/494/04 തിയതി 04-02-2005 | 2 |
| 12 | 1999-00 | എൽഎഫ് എം 11/1178/04 തിയതി 06-07-2005 | 46 |
| 13 | 2000-01 | എൽ എഫ് എം 11/1284/04 തിയതി 01-07-2005 | 35 |
| 14 | 2001-02 | എൽ എഫ് എം 11/1285/04 തിയതി 05-07-2004 | 61 |
| 15 | 2002-03 | എൽഎഫ് എം 11/1622/04 തിയതി 26-04-2005 | 20 |
| 16 | 2003-04 | എൽഎഫ് എം 12/1970/06 തിയതി 13-06-2007 | 12 |
| 17 | 2004-05 | എൽഎഫ് എം 12/1883/07 തിയതി 10-10-2007 | 10 |
| 18 | 2005-06 | എൽ എഫ് എം 12/1884/07 തിയതി 10-10-07 | 16 |
| 19 | 2006-07 | എൽഎഫ് എം 12/1935/11 തിയതി 15-11-2011 | 32 |
| 20 | 2007-10 | എൽഎഫ് എം 13/1625/12 തിയതി 21.07.2012 | 14 |
| 21 | 2010-11 | എൽഎഫ് എം 13/873/13 തിയതി 10-06-2013 | 18 |
| 22 | 2011-12<br>2012-13 | എൽഎഫ് എം 24/1106/2015 തിയതി 30-06-2015 | 7 |
| 23 | 2013-14 | കെ എസ് എ എംപിഎം 24/2102/2016തിയതി 01-07-2017 | 17 |

| | | | |
|---|---|---|---|
| | 2014-15 | | |
| 24 | 2015-16 | കെ.എസ്.എ.എം.പി.എം.-24/27/2017 തിയ്യതി: 24-02-18 | 18 |
| 25 | 2016-17 | കെ.എസ്.എ.എം.പി.എം.24/2032/2017 തിയ്യതി: 28-04-18 | 28 |
| 26 | 2017-18 | കെ.എസ്.എ.എം.പി.എം.24/518/2020 തിയ്യതി:21-05-2020 | 16 |
| 27 | 2018-19 | കെ.എസ്.എ.എം.പി.എം.24/518/2020 തിയ്യതി: 21-05-2020 | 10 |
| 27 | 2019-20 | കെ.എസ്.എ.എം.പി.എം.24/570/2021 തിയ്യതി: 26-03-2021 | 4 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

എൽ. 6/22

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്